TUESDAY 06.02.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/02/2024

1. സംസ്ഥാനവ്യവസായ വാണിജ്യവകുപ്പ് സംഘടിപ്പിക്കുന്ന മെഷിനറി എക്സ്പോ 2024ന്റെ ആറാം പതിപ്പ് എറണാകുളം ജില്ലയിലെ കിൻഫ്ര ഇൻറർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെൻററിൽ വച്ച് ഫെബ്രുവരി 10,11,12,13 തീയതികളിൽ നടക്കും. അത്യാധുനിക സാങ്കേതിക വിദ്യകളിലൂടെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുകയാണ് എക്സ്പോയുടെ ലക്ഷ്യം. വിശദ വിവരങ്ങൾക്ക് 9188401706 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. തെക്കൻ കേരളത്തിലെ കലാസാംസ്കാരിക വിപണനമേളയായ അറുപത്തി ഒന്നാമത് പാലോട് മേളയ്ക്ക് ഫെബ്രുവരി 7 ന് തുടക്കമാകും. വിജ്ഞാനപ്രദമായ സെമിനാറുകൾ, മന്ത്രിമാരും മറ്റുസാമൂഹ്യ, സാംസ്കാരിക, കലാരംഗങ്ങളിലെ പ്രമുഖർപങ്കെടുക്കുന്ന സമ്മേളനങ്ങൾ, വിവിധങ്ങളായ കലാപരിപാടികൾ, കുട്ടികൾക്കായുള്ള ചിത്രരചനാമത്സരങ്ങൾ, സംസ്ഥാനതല കബഡി, വോളിബാൾ ടൂർണമെന്റുകൾ, പുഷ്പ ഫലസസ്യ പ്രദർശനവും വില്പനയും, നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, അമ്യൂസ്മെന്റ്പാർക്ക്, കന്നുകാലിച്ചന്ത, ഫുഡ്ഫെസ്റ്റ് എന്നിവ മേളയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 7ന് രാവിലെ 9ന് സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ.മധു ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് അഞ്ചിന് നടക്കുന്ന സമ്മേളനം സൂര്യ കൃഷ്ണമൂർത്തി ഉദ്ഘാടനം ചെയ്യും.

3. കാർഷികമേഖലയിലെ സംരംഭകർക്ക് ദിശാബോധവും സാങ്കേതികവിദ്യകളെകുറിച്ച് പ്രാഥമികജ്ഞാനവും ബിസിനസ്സ് സങ്കേതങ്ങളെക്കുറിച്ചു അവബോധവും നൽകുന്ന പാഠശാലയാണ് ഫാം ബിസിനസ്സ് സ്കൂൾ. ഫാം ബിസിനസ്സ് സ്കൂളിന്റെ പുതിയ ബാച്ച് 2024 ഫെബ്രുവരി 19 മുതൽ 24 വരെ കർഷകഭവനം, വെള്ളാനിക്കര, തൃശൂരിൽ വച്ച്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

നടത്തുന്നു. അപേക്ഷാ ഫീസ് 5000 രൂപ.. അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി ഈ മാസം 09 (9-2-24). അപേക്ഷകന് വേണ്ട കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഹയർസെക്കൻഡറി ആണ്. കൂടുതൽ വിവരങ്ങൾക്ക് **0487 2371104** എന്ന ഫോൺ നമ്പരിലോ, cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലെക്സിൽ എല്ലാ ദിവസവും രാവിലെ 10:30 മണി മുതൽ 12 മണി വരെ മുട്ട ഒന്നിന് 7 രൂപ നിരക്കിൽ വിൽപ്പന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0475 229299.**

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2024 ഫെബ്രുവരി 25. കോഴ്സ് ആരംഭിക്കുന്ന തീയതി 2024 ഫെബ്രുവരി 26. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. കേരള മൃഗസംരക്ഷണ വകുപ്പ് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ കോട്ടയം തലയോലപ്പറമ്പിന്റെ ഓഫ് ക്യാമ്പസ് ട്രെയിനിങ്ങിന്റെ ഭാഗമായി **ആദായകരമായ പശു വളർത്തൽ** എന്ന വിഷയത്തിൽ ഒരു പരിശീലനം വെറ്ററിനറി പോളി ക്ലിനിക്

പരിയാരം പുതുപ്പള്ളിയിൽ വച്ച് നാളെ (ഫെബ്രുവരി 7) രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് **9744599496** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

7. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 13 മുതൽ 17 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഫെബ്രുവരി 12ന് വൈകിട്ട് 5 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ദിനപദ്ധതിയും യാത്രബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 –2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒഷ തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്നാൽ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക

8. എറണാകുളം ജില്ലയിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി മാസം എട്ടിന് **നായ്ക്കളും പൂച്ചകളും അറിയേണ്ടതെല്ലാം**, 13ന് ശാസ്**ത്രീയ പന്നി വളർത്തൽ** 20ന് **ഓമന പക്ഷികൾ വിനോദത്തിനും വരുമാനത്തിനും** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **842950408** എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് 12.02.2024 മുതൽ 22.02.2024 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലുള്ളവർക്ക് **പാലുത്പന്ന നിർമ്മാണത്തിൽ** പരിശീലന പരിപാടി നടത്തുന്നു. ക്ഷീരോൽപ്പന്ന നിർമ്മാണ സംരംഭകത്വം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും ക്ഷീരകർഷകർക്കും പരിശീലനം പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 105 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ **08.02.2024**-ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിനു പങ്കെടുപ്പിക്കുന്നതുമാണ്. .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം